# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2775

20..03..2015 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളുടെ പ്രവർത്തനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. ടി.വി.രാജേഷ്<br>ശ്രീ. ആർ.രാജേഷ്<br>ഡോ. കെ.ടി.ജലീൽ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളുടെ നിലവാരത്തകർച്ചയ്ക്കുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം സംബന്ധിച്ച ഹൈക്കോടതി പരാമർശത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. |

| | | |
|---|---|---|
| | | കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സ്ഥാപനങ്ങളുടെ നിലവിലുള്ള വിജയശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയും പരിഗണിക്കാറുണ്ട്. |
| (സി) | പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ? | (സി) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ AICTE യുടെ അംഗീകാരവും ബന്ധപ്പെട്ട സർവ്വകലാശാലയുടെ അനുമതിയും ഉള്ള സ്ഥാപനങ്ങൾക്ക് സർക്കാർ തലത്തിൽ പരിശോധനകൾ നടത്തി, കോളേജുകളുമായി കരാറിൽ ഏർപ്പെട്ട്, നിബന്ധനകൾക്ക് വിധേയമായി കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകാറുണ്ട്. |

*സെക്ഷൻ ഓഫീസർ*